ഭരണഭാഷ – മാതൃഭാഷ

നം.TRY/126/2020-F2

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 29/01/2020

പ്രേഷകൻ

ട്രഷറി ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: പ്ലെഡ്ജ് ചെയ്യുന്നതിനായി നടത്തുന്ന നിക്ഷേപങ്ങൾക്ക് ട്രഷറിയിൽ നിന്നും നിക്ഷേപ സർട്ടിഫിക്കറ്റ് കാലതാമസം – സംബന്ധിച്ച്.

സൂചന : ട്രഷറി ഡയറക്ടറുടെ 15.03.2018 ലെ സർക്കുലർ നമ്പർ 10/2018.

സൂചന ശ്രദ്ധിക്കുക. പ്ലെഡ്ജ് ചെയ്യുന്നതിനായി നടത്തുന്ന സ്ഥിരനിക്ഷേപങ്ങൾ ട്രഷറിയിൽ സ്വീകരിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നിക്ഷേപം സ്വീകരിക്കുന്നതിൽ ചില ട്രഷറികളിൽ, ജീവനക്കാർ വൈമുഖ്യം കാട്ടുന്നതായും, പ്ലേഡ്ജിയുടെ പേർക്ക് ലീൻ നോട്ട് ചെയ്ത നിക്ഷേപ സർട്ടിഫിക്കറ്റ്/പാസ്സ്ബുക്ക് നിക്ഷേപകന് നൽകുന്നതിൽ അകാരണമായ കാലതാമസം ഉണ്ടാകുന്നതായുള്ള പരാതികൾ ലഭിച്ചുവരുന്ന സാഹചര്യത്തിൽ താഴെ പറയും പ്രകാരമുള്ള തുടർ നിർദ്ദേശങ്ങൾ നൽകുന്നു.

സർക്കാരിന്റെ പൊതുമരാമത്ത് പണികളും മറ്റും ഏറ്റെടുത്ത് നടത്തണമെങ്കിൽ കരാറുകാർ ട്രഷറിയിൽ സെക്യൂരിറ്റിയ്ക്കായി അക്കൗണ്ടുകൾ (സ്ഥിരനിക്ഷേപം/ടി.എസ്.എ) തുടങ്ങേണ്ടതുണ്ട്. ടി അക്കൗണ്ടുകൾ തുറക്കേണ്ടത് നിക്ഷേപം ഈടായി സ്വീകരിക്കുന്ന ഓഫീസിന്റെ സമീപത്തുള്ള ട്രഷറിയിലോ, പ്രസ്തുത ഓഫീസിന്റെ ഡിഡിഒ ട്രാൻസാക്ഷൻ നടക്കുന്ന ട്രഷറിയിലോ ആകണമെന്ന് നിർബന്ധമില്ല. സെക്യൂരിറ്റി നിക്ഷേപങ്ങൾ ഏത് ട്രഷറിയിലുംസ്വീകരിക്കാവുന്നതാണ്.

മറ്റു നിക്ഷേപങ്ങളെ പോലെ തന്നെ പ്രാധാന്യം നൽകി സെക്യൂരിറ്റി നിക്ഷേപങ്ങൾ ട്രഷറികളിൽ സ്വീകരിക്കേണ്ടതും പരാതികൾക്ക് ഇടനൽകാത്തതരത്തിൽ സമയബന്ധിതമായി നിക്ഷേപ സെർട്ടിഫികറ്റുകൾ നൽകേണ്ടതുമാണ്. നിക്ഷേപകരുടെ ആവശ്യവും പരാതികളും ട്രഷറി ഓഫീസർമാർ അനുഭാവപൂർവം കേട്ട് പരിഹാരം ഉറപ്പുവരുത്തേണ്ടതാണ്. റിലീസ് നോട്ടീസ് ബന്ധപ്പെട്ട പ്ലേഡ്ജി ട്രഷറിക്ക് സമർപ്പിക്കുമ്പോഴാണ് നിക്ഷേപം ക്ലോസ് ചെയ്തു നൽകുന്നത്. പ്ലേഡ്ജി ട്രഷറിക്ക്

**File No.TRY/126/2020-F2**

നൽകേണ്ട റിലീസ് നോട്ടീസ് പ്ളേഡ്ജിയുടെ ഔദ്യോഗിക മെയിൽ ഐ .ഡി -യിൽ നിന്നും ട്രഷറിയുടെ മെയിൽ ഐ .ഡി യിലേക്ക് ലഭ്യമാക്കുകയാണെങ്കിൽ അത് പരിഗണിച്ച് നിക്ഷേപം/അക്കൗണ്ട് ക്ലോസ് ചെയ്ത് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ

**A M JAFAR**
**DIRECTOR**

അംഗീകാരത്തോടുകൂടി

സീനിയർ സൂപ്രണ്ട്

Directorate of Treasuries, Krishna buildings, Thycaud.P.O, Thiruvananthapuram, Kerala 695014
www.treasury.kerala.gov.in, Email:keralatreasury@gmail.com
Ph: 0471-2323963,2322712 , FAX:0471-2324229

43

"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

ധനകാര്യ (സ്ട്രീം ലൈനിംഗ്) വകുപ്പ്

സർക്കുലർ

DIRECTORATE OF TREASURIES 25 NOV 2020

നം. 74/2020/ധന

തീയതി, തിരുവനന്തപുരം 23.11.2020

വിഷയം :-സർക്കാരിന്റെ കരാർ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനായി പൊതുമരാമത്തു/എൽ.എസ്.ജി.ഡി വകുപ്പുകളിൽ പ്ലെഡ്ജ് ചെയ്ത ട്രഷറി നിക്ഷേപങ്ങൾ പിൻവലിക്കുന്നത് - റിലീസ് നോട്ടീസിന്റെ ട്രഷറി പകർപ്പ് ഇ-മെയിൽ മുഖാന്തിരം ലഭ്യമാകുന്നത് സംബന്ധിച്ച്.

സൂചന :- ട്രഷറി ഡയറക്ടറുടെ 12.10.2020 ലെ TRY/3014/2020-F2 നമ്പർ കത്ത്.

സർക്കാരിന്റെ പൊതുമരാമത്തു പണികളും മറ്റും ഏറ്റെടുത്തു നടത്തണമെങ്കിൽ കരാറുകാരൻ സെക്യൂരിറ്റി നിക്ഷേപം തുടങ്ങുന്നതിനുള്ള അപേക്ഷയിന്മേൽ പ്ലെഡ്ജിയുടെ മേലൊപ്പ് രേഖപ്പെടുത്തി ട്രഷറിയിൽ സമർപ്പിക്കേണ്ടതുണ്ട്. കേരള ട്രഷറി കോഡ് വാല്യം II, അനുബന്ധം III ചട്ടം 53h(1) പ്രകാരം കരാർ ജോലി പൂർത്തീകരിച്ചു കഴിഞ്ഞാൽ, ഈട് വച്ചിട്ടുള്ള നിക്ഷേപ സർട്ടിഫിക്കറ്റ് / പാസ് ബുക്ക് റിലീസ് നോട്ടീസിനോടൊപ്പം പ്ലെഡ്ജി കരാറുകാരനു തിരികെ നൽകുന്നതും റിലീസ് നോട്ടീസിന്റെ പകർപ്പ് ബന്ധപ്പെട്ട ട്രഷറിക്കു അയച്ചു കൊടുക്കേണ്ടതുമാണ്. എന്നാൽ റിലീസ് നോട്ടീസിന്റെ ട്രഷറി പകർപ്പ് യഥാസമയം ലഭിക്കാത്ത കാരണത്താൽ സ്ഥിരനിക്ഷേപം / സെക്യൂരിറ്റി അക്കൗണ്ട്, ക്ലോസ് ചെയ്തു നൽകുവാൻ കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സർക്കാരിന്റെ കരാർ പ്രവർത്തികൾ ഏറ്റെടുത്തു നടത്തുന്നതിനായി പൊതുമരാമത്തു / എൽ.എസ്.ജി.ഡി വകുപ്പുകളിൽ പ്ലെഡ്ജ് ചെയ്ത ട്രഷറി നിക്ഷേപങ്ങൾ റിലീസ് ചെയ്യുവാനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി റിലീസ് നോട്ടീസിന്റെ (എസ്.ബി. ഫോം നം.31) പകർപ്പ് പ്ലെഡ്ജിയുടെ ഔദ്യോഗിക ഇ-മെയിൽ ഐ.ഡി-യിൽ നിന്നും ബന്ധപ്പെട്ട ട്രഷറിയുടെ ഇ-മെയിൽ ഐ.ഡി-യിൽ ലഭ്യമാക്കേണ്ടതാണെന്ന് പൊതുമരാമത്ത് വകുപ്പിനും എല്ലാ തദ്ദേശ സ്വയം ഭരണ

സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു.

ഇത് സംബന്ധിച്ച നിർദ്ദേശം എല്ലാ ട്രഷറികൾക്കും, മേൽ വകുപ്പുകളിലെ എല്ലാ ഉദ്യോഗസ്ഥർക്കും അടിയന്തിരമായി നൽകേണ്ടതാണെന്ന് ട്രഷറി ഡയറക്ടറേയും, മേൽ വകുപ്പ് തലവന്മാരെയും ചുമതലപ്പെടുത്തുന്നു.

**പ്രീത ബി.എസ്**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

പൊതുമരാമത്ത് & തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിമാർ

നോഡൽ ഓഫീസർ, www.finance.kerala.gov.in.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [ E.1549187 ]

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് നമ്പർ 167/2020/F2, തിയതി 3.12.2020

എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാരുടെ അറിവിലേയ്ക്കും തുടർനടപടികൾക്കുമായി പകർപ്പ് അയക്കുന്നു.

3/12/20

(ഒപ്പ്)
3/12/2020
വി. സാജൻ
ജോയിന്റ് ഡയറക്ടർ
ഡയറക്ടറേറ്റ് ഓഫ് ട്രഷറീസ്
തിരുവനന്തപുരം

/5525247/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.ഐറ്റി-സെൽ2/86/2022-വി.സാ.വ.
വിവര സാങ്കേതിക വിദ്യാ (ഐറ്റി-സെൽ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 07-12-2022

## സർക്കുലർ

വിഷയം:- വിവര സാങ്കേതിക വിദ്യാ വകുപ്പ് – സർക്കാർ ഉദ്യോഗസ്ഥരുടെ ഇ-മെയിൽ ഉപയോഗം – അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 19.02.2021-ലെ IT Cell-1/35/2020-ITD നമ്പർ സർക്കുലർ.

**********************

സർക്കാർ വകുപ്പുകളുടെയും ഉദ്യോഗസ്ഥരുടെയും ഇ-മെയിൽ അക്കൗണ്ടുകളുടെ ഉപയോഗം സംബന്ധിച്ച സൂചന പ്രകാരം സർക്കാർ വിശദമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നുവെങ്കിലും ഇ-മെയിലുകൾ പലതും പ്രവർത്തനരഹിതമാണെന്നും ഇത്തരം ഇ-മെയിലുകളിലേയ്ക്ക് സന്ദേശം അയയ്ക്കാൻ ശ്രമിക്കുമ്പോൾ 'Address not found' എന്ന് കാണിച്ച് ഇ-മെയിൽ സന്ദേശങ്ങൾ മടങ്ങുന്നുവെന്നുമുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഇ-മെയിൽ അക്കൗണ്ടുകളുടെ ഉപയോഗം സംബന്ധിച്ച് താഴെപ്പറയുന്ന അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഇ-മെയിലുകളുടെ ഉപയോഗം സംബന്ധിച്ചുള്ള സൂചന സർക്കുലറിലെ നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളിലെയും ഉദ്യാഗസ്ഥർ കൃത്യമായി പാലിക്കേണ്ടതാണ്.
2. ഇ-മെയിൽ മുഖേനയുള്ള ഔദ്യോഗിക കത്തിടപാടുകൾ kerala.gov.in ഡൊമൈനിലുള്ള ഇ-മെയിൽ അക്കൗണ്ടുകൾ വഴി മാത്രം നടത്തേണ്ടതാണ്.
3. എല്ലാ ഉദ്യാഗസ്ഥരും ഇ-മെയിൽ അക്കൗണ്ടുകൾ ദിവസവും ലോഗിൻ ചെയ്യേണ്ടതും ഇൻബോക്സിൽ ലഭിച്ചിട്ടുള്ള ഇ-മെയിലുകൾക്ക് കൃത്യമായി മറുപടി നല്കേണ്ടതുമാണ്.
4. ഒരു ഉദ്യോഗസ്ഥൻ സ്ഥലം മാറിപ്പോവുകയോ വിരമിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ പുതുതായി ചാർജ്ജെടുക്കുന്ന ഉദ്യോഗസ്ഥന്റെ വിവരങ്ങൾ ഉൾപ്പെടുത്തി ഇ-മെയിൽ അക്കൗണ്ട് അപ്ഡേറ്റ് ചെയ്യേണ്ടതും ആ ഇ-മെയിൽ അക്കൗണ്ട് സ്ഥിരമായി ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്.
5. വകുപ്പുകളിൽ നിലവിൽ ഉപയോഗത്തിലില്ലാത്ത ഏതെങ്കിലും ഇ-മെയിൽ അക്കൗണ്ടുകളുടെ വിവരങ്ങൾ വകുപ്പുകളുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവ അടിയന്തിരമായി പിൻവലിക്കേണ്ടതും അത്തരം ഇ-മെയിൽ അക്കൗണ്ടുകൾ പ്രവർത്തനരഹിതമാക്കുന്നതിനുള്ള

നടപടികൾ വകുപ്പു മേധാവികൾ സ്വീകരിക്കേണ്ടതുമാണ്.

ഡോ. രത്തൻ യു കേൽക്കർ ഐ എ
എസ്
സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by Rajesh G S
Date: 08-12-2022 10:46:28
സെക്ഷൻ ഓഫീസർ.

ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ സെക്രട്ടേറിയറ്റ് വകുപ്പുകൾക്കും
എല്ലാ വകുപ്പു മേധാവികൾക്കും
സർക്കാർ കമ്പനികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയിലെ മേധാവികൾക്ക്
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഐ.ടി. മിഷൻ
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

LSG GUIDE